**പത്രക്കുറിപ്പ്** **06.07.2024**

# ജെൻ എഐ ഇന്റർനാഷണൽ കോൺക്ലേവിനുള്ള ഒരുക്കങ്ങൾ ദ്രുതഗതിയിൽ

- **നാസയിലെ ബഹിരാകാശ സഞ്ചാരി സ്റ്റീവ് സ്മിത്ത് മുഖ്യ പ്രഭാഷകൻ**
- **സമ്മേളനം ജൂലൈ 11, 12 തീയതികളിൽ കൊച്ചിയിൽ**

**തിരുവനന്തപുരം:** വിജ്ഞാന സമ്പദ്‌വ്യവസ്ഥയിലേക്കുള്ള കേരളത്തിന്റെ പ്രയാണത്തിൽ വലിയ മുന്നേറ്റമുണ്ടാക്കാൻ അവസരമൊരുക്കുന്ന ജനറേറ്റീവ് എഐ ഇന്റർനാഷണൽ കോൺക്ലേവിനുള്ള ഒരുക്കങ്ങൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. സംസ്ഥാന സർക്കാർ ഐബിഎമ്മുമായി സഹകരിച്ച് ജൂലൈ 11, 12 തീയതികളിൽ കൊച്ചിയിലാണ് സമ്മേളനം സംഘടിപ്പിക്കുന്നത്.

ആർട്ടിഫിഷ്യൽ ഇന്റലിജൻസി(എഐ)ന്റെ പരിവർത്തന സാധ്യതകളും സമൂഹത്തിലും സമ്പദ് വ്യവസ്ഥയിലും അതിന്റെ സ്വാധീനവും ചർച്ചചെയ്യുന്ന സമ്മേളനം കേരളത്തിലും രാജ്യത്തും നിർമ്മിത ബുദ്ധിയുടെ മുന്നേറ്റത്തിലെ സുപ്രധാന നാഴികക്കല്ലായി മാറും. ലോകം മുഴുവൻ എഐ തരംഗത്തിൽ മുന്നേറുന്ന വേളയിൽ സംഘടിപ്പിക്കുന്ന കോൺക്ലേവിന് പ്രസക്തിയേറെയാണ്. നൂതന സാങ്കേതികവിദ്യകൾ സ്വീകരിക്കുന്നതിനും നവീകരണത്തെ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള കേരളത്തിന്റെ പ്രതിബദ്ധത സമ്മേളനം പ്രകടമാക്കും.

കൊച്ചിയിലെ ലുലു ഗ്രാൻഡ് ഹയാത്ത് ബോൾഗാട്ടി ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ നടക്കുന്ന സമ്മേളനത്തിൽ വ്യവസായ പ്രമുഖർ, നയരൂപകർത്താക്കൾ, സാങ്കേതിക വിദഗ്ധർ, ഇന്നൊവേറ്റർമാർ തുടങ്ങിയവർ പങ്കെടുക്കും. 11 ന് രാവിലെ 10.15 ന് സമ്മേളനത്തിന് തുടക്കമാകും. നാസയിൽ നിന്ന് വിരമിച്ച ബഹിരാകാശ സഞ്ചാരിയും സാങ്കേതിക വിദഗ്ധനുമായ സ്റ്റീവ് സ്മിത്ത് ആണ് സമ്മേളനത്തിലെ മുഖ്യ പ്രഭാഷകൻ. സമ്മേളനത്തിന്റെ ആദ്യ ദിവസം വൈകിട്ട് 4.15 ന് 'ലെസൺസ് ലേൺഡ് ഫ്രം എ സ്കൈവാക്കർ' എന്ന വിഷയത്തിൽ അദ്ദേഹം പ്രഭാഷണം നടത്തും.

മുഖ്യമന്ത്രി പിണറായി വിജയൻ, വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി പി.രാജീവ്, സംസ്ഥാന ചീഫ് സെക്രട്ടറി ഡോ. വി വേണു, ഐബിഎം സോഫ്റ്റ്‌വെയർ പ്രൊഡക്ട്സ് സീനിയർ വൈസ് പ്രസിഡന്റ് ദിനേശ് നിർമ്മൽ, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ്, ഇലക്ട്രോണിക്സ് ഐടി സെക്രട്ടറി ഡോ. രത്തൻ യു ഖേൽക്കർ, ഐ ആൻഡ് പിആർഡി സെക്രട്ടറിയും കെഎസ്ഐഡിസി മാനേജിംഗ് ഡയറക്ടറും വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറുമായ എസ്. ഹരികിഷോർ എന്നിവരും പ്രഭാഷണം നടത്തും.

സെവിയ എഫ്സി ചീഫ് ഡാറ്റ ഓഫീസർ ഡോ. ഏലിയാസ് സാമോറ സില്ലേരോ, കോമ്പാരസ് സിഇഒ ദിമിത്രി ഗാമർനിക്, ഐബിഎം റിസർച്ച് എഐ വൈസ് പ്രസിഡന്റ് ശ്രീറാം രാഘവൻ, ഐബിഎം ഡാറ്റ ആൻഡ് എഐ ഫെലോ ട്രെന്റ് ഗ്രെ ഡോണാൾഡ്, എഡിൻബറോ യൂണിവേഴ്സിറ്റിയിലെ റോബോട്ടിക്സ് പ്രൊഫസർ സേതു വിജയകുമാർ, കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. സജി ഗോപിനാഥ്, കെഎസ്‌യുഎം സിഇഒ അനൂപ് അംബിക, മക്കിൻസെ ആൻഡ് കമ്പനി പാർട്ണർ അങ്കുർ പുരി, എസ് ആൻഡ് പി ഗ്ലോബൽ മാർക്കറ്റ് ഇന്റലിജൻസ് ചീഫ് ഡാറ്റ ഓഫീസർ അഭിഷേക് ടൊമാർ, ബോസ്റ്റൺ കൺസൾട്ടിങ് ഗ്രൂപ്പ് എംഡിയും പാർട്ണറുമായ അമിത് കുമാർ, നാസ്കോം എഐ മേധാവി അങ്കിത് ബോസ് തുടങ്ങിയവർ എഐയുടെ സാധ്യതകളെയും ഭാവിയെയും കുറിച്ചുള്ള കാഴ്ചപ്പാടുകൾ പങ്കിടും.

കേരളത്തെ എഐ ഡെസ്റ്റിനേഷനായി മാറ്റാനും ഇൻഡസ്ട്രി 4.0 നുള്ള സംസ്ഥാനത്തിന്റെ കാഴ്ചപ്പാട് മുന്നോട്ടുവയ്ക്കാനും സാമ്പത്തിക വളർച്ചയെ ഉത്തേജിപ്പിക്കാനും സമ്മേളനം ലക്ഷ്യമിടുന്നു.

കോൺക്ലേവിനു മുന്നോടിയായി ഐബിഎമ്മുമായി സഹകരിച്ച് തിരുവനന്തപുരം ടെക്നോപാർക്ക്, കൊച്ചി ഇൻഫോപാർക്ക്, കോഴിക്കോട് സൈബർ പാർക്ക് എന്നിവിടങ്ങളിൽ ടെക് ടോക്ക് സംഘടിപ്പിച്ചിരുന്നു. കോളേജ് വിദ്യാർത്ഥികൾക്കും പ്രാദേശിക സ്റ്റാർട്ടപ്പുകൾക്കുമായി വാട്സൺ-എക്സ് പ്ലാറ്റ്ഫോമുകളിൽ നടത്തുന്ന ഹാക്കത്തൺ പുരോഗമിക്കുന്നു.

ഡെവലപ്പർമാർ, സർവ്വകലാശാലകൾ, വിദ്യാർത്ഥികൾ, മാധ്യമങ്ങൾ, അനലിസ്റ്റുകൾ തുടങ്ങിയവർ സമ്മേളനത്തിന്റെ ഭാഗമാകും. ഡെമോകൾ, ആക്ടിവേഷനുകൾ, വ്യവസായ വിദഗ്ധരുമായുള്ള കൂടിക്കാഴ്ച എന്നിവയും കോൺക്ലേവിൽ ഉണ്ടാകും. പ്രഭാഷണങ്ങൾ, പാനൽ ചർച്ചകൾ, സംവേദനാത്മക സെഷനുകൾ എന്നിവയാണ് സമ്മേളനത്തിലെ പ്രധാന അജണ്ട. പങ്കെടുക്കുന്നവർക്ക് എഐ സാങ്കേതികവിദ്യയിലെ ഏറ്റവും പുതിയ മുന്നേറ്റങ്ങൾ നേരിട്ട് മനസ്സിലാക്കാൻ സാധിക്കുന്ന സംവിധാനങ്ങളും ഒരുക്കും.